കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നടുവിൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്-2015-2016

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ.സി-3/2186/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ
Email.lfaddistofficeknr@gmail.com

തിയ്യതി : 06-02-2017

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

നടുവിൽ ഗ്രാമപഞ്ചായത്ത് .

സർ,

വിഷയം :- നടുവിൽ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നടുവിൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തര വാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഇ മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി

നം കെ.എസ്. എ./കെ.എൻ.ആർ./സി3-2186/2016

തീയതി : 06-02-2017

# കണ്ണൂർ ജില്ലയിലെ നടുവിൽ ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആമുഖം

നടുവിൽ ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 22അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാ ക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | : | ശ്രീ അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 05-12-2016 മുതൽ 19-12-2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ.

| ക്രമ നം. | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീമതി.രമണി കിഴക്കീൽ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| 2 | ശ്രീ.സുധീഷ്. എം പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീമതി.വനജ മാടത്താൻകണ്ടി | ഓഡിറ്റർ (14.12.16 വരെ) |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.ടി മാത്യൂ<br>ശ്രീമതി .ബിന്ദു ബാലൻ | 01-04-2015 മുതൽ 31-10-2015 വരെ*<br>19-11-2015 മുതൽ 31-03-2016 വരെ. |
| സെക്രട്ടറി | ശ്രീ. എം .പി. ഷാനവാസ്<br>ശ്രീ.ബിന്ദ വർഗ്ഗീസ് (അധികച്ചുമതല)<br>ശ്രീ.ടി.പി. സഹദേവൻ | 1-04-15 മുതൽ 12-06-2015 വരെ<br>20-07-15 മുതൽ23-07-15 വരെ<br>13-06-15 മുതൽ 19-07-15 വരെ<br>24-07-15 മുതൽ 11-08-15 വരെ<br>12-08-15 മുതൽ31-03-16വരെ |

*ഭരണസമിതി നിലവിലില്ലാതിരുന്ന 01-11-2015 മുതൽ 18-11-2015 വരെയുള്ള കാലയളവിൽ ചുമതല വഹിക്കുന്നതിനായി ഭരണനിർവ്വഹണസമിതി രൂപീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| 1 | കൃഷി ഓഫീസർ | ശ്രീ. അജയകുമാർ കെ.എൻ<br>ശ്രീ.സത്യൻ<br>ശ്രീ.സുനീഷ് കെ | 01-04-2015<br>19-06-2015<br>12-12-15 | 18-06-2015<br>11-12-15<br>31-03-16 |
| 2 | വി.ഇ.ഒ (നടുവിൽ) | ശ്രീ.റിനീഷ് കുമാർ. എ | 01-04-2015 | 31-03-16 |
| | വി. ഇ. ഒ (വെള്ളാട്) | ശ്രീ.പ്രദീപ് എ. ആർ | 01-04-2015 | 31-03-2016 |
| 3 | വെറ്ററിനറി സർജൻ | ഡോ.ജോൺസൺ<br>ഡോ. വിനീത് സി പണിക്കർ | 01 -04-15<br>02-11-15 | 01-11-15<br>31-03-2016 |

| | | | | |
|---|---|---|---|---|
| | | | | |
| 4 | അസി. എഞ്ചിനീയർ | ശ്രീമതി.യു. ശ്രീജ | 01-04-2015 | 31-03-2016 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.അനിത കുമാരി<br>ശ്രീമതി.പ്രസീത. സി | 01-04-2015<br>20-12-15 | 19-12-15<br>31-03-16 |
| 6 | അസി . സെക്രട്ടറി | ശ്രീ.ബിനു വർഗ്ഗീസ്<br>ശ്രീ.എം ബി.ശ്രീനിവാസൻ | 01-04-2015<br>25-09-15 | 21-08-2015<br>31-03-16 |
| 7 | ഹെഡ് മാസ്റ്റർ | ശ്രീ. വി ജെ. പ്രകാശ്. | 01-04-2015 | 09-06-15 |
| | | ശ്രീ.ബാലകൃഷ്ണൻ മേലേക്കണ്ടി | 10-06-2015 | 31-03-2016 |
| 8 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.സിതാര | 01-04-2015 | 31-03-16 |
| 9 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.മോഹനൻ | 01-04-2015 | 31-03-2016 |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|

| | | |
|---|---|---|
| | | ഭാഗം 1<br>പൊതു അവലോകനം |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം. |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 10 | 1-10 | ക്യാഷ് വെരിഫിക്കേഷൻ |
| ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |

| | | |
|---|---|---|
| 11 | 2-1 | ഡി&ഒ ലൈസൻസ്-ഈടാക്കിയതിൽ കുറവ് |
| 12 | 2-2 | ഡി&ഒ ലൈസൻസ്-അപാകതകൾ |
| 13 | 2-3 | തൊഴിൽനികുതി അപാകതകൾ |
| 14 | 2-4 | പാരാ മെഡിക്കൽ സ്ഥാപനങ്ങൾ റജിസ്ട്രേഷൻ നടത്തുന്നില്ല. |
| 15 | 2-5 | കോഴി ഫാമുകൾ ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ചട്ടങ്ങൾ 2012 പ്രകാരം ലൈസൻസ് എടുക്കുന്നില്ല. |
| 16 | 2-6 | വളർത്തുനായ്ക്കൾക്ക് ലൈസൻസ് എടുക്കാത്തവർക്ക് പിഴ ഈടാക്കൽ -നടപടി സ്വീകരിച്ചിട്ടില്ല. |
| ഭാഗം 3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 17 | 3-1 | വാട്ടർ ചാർജ്ജ് 3,807രൂപ അധികം അടവാക്കിയത് നിരാകരിക്കുന്നു. |
| 18 | 3-2 | വാട്ടർ ചാർജ്-പിഴ ഒടുക്കിയത്-708 രൂപ നിരാകരിക്കുന്നു. |
| 19 | 3-3 | പട്ടിക വർഗ്ഗ കോളനി കുടിവെള്ള പദ്ധതി പ്രവർത്തനരഹിതമായി തുടരുന്നു-കറണ്ട് ചാർജ് അടക്കുന്നതിനായി ചെലവഴിച്ച 1280 രൂപ തടസപ്പെടുത്തുന്നു. |

| | | |
|---|---|---|
| 20 | 3-4 | പ്രൊജക്ട് ഇല്ലാതെ ചെലവ് നടത്തിയത് - 38,000 രൂപ തടസ്സപ്പെടുത്തുന്നു. |
| 21 | 3-5 | ജീപ്പ് റിപ്പയറിംഗിനായി വൻതുക ചെലവഴിച്ചു-നടപടി ക്രമങ്ങൾ പാലിച്ചില്ല |
| 22 | 3-6 | കാർഷിക കർമ്മസേനയ്ക്ക് നല്കിയ മിനി ട്രാക്റ്റർ ഉപയോഗിക്കുന്നില്ല. |
| 23 | 3-7 | വിവാഹ ധനസഹായം -പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങിയിട്ടില്ല-7,00,000 രൂപ തടസ്സപ്പെടുത്തുന്നു. |
| 24 | 3-8 | സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിക്കുന്നില്ല |
| 25 | 3-9 | വാഹന വാടക അർഹതപ്പെട്ടതിൽ കൂടുതൽ അനുവദിച്ചത് -ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. |
| 26 | 3-10 | ഗുണഭോക്തൃ സമിതി മുഖാന്തിരം നടത്തിയ പ്രവൃത്തികളിലെ അപാകതകൾ |
| 27 | 3-11 | അഡ്വാൻസ് അനുവദിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും<br>പ്രവൃത്തി ആരംഭിച്ചില്ല 50,000രൂപ തടസ്സപ്പെടുത്തുന്നു. |

| | | |
|---|---|---|
| ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 28 | 4-1 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 29 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 30 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 31 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 32 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 33 | 4-6 | ഓഡിറ്റ് റിക്കവറി |
| 34 | 4-7 | സമാഹൃത റിപ്പോർട്ടിൽഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 35 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 36 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധങ്ങൾ | | |
| 37 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |


# ഭാഗം 1

## <u>പൊതു അവലോകനം</u>

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് ഭരണ സമിതിയുടെ 24-03-2015 ലെ 12ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 9,46,000 | 1,97,67,040 | | | |
| വരവ് | 20,96,15,000 | 4,86,56,615 | | 16,09,58,385 | (-76.79) |
| ആകെ | 21,05,61,000 | 6,84,23,655 | | | |
| ചെലവ് | 20,95,20,000 | 6,20,10,472 | | 14,75,09,528 | (-70.4) |
| നീക്കിയിരിപ്പ് | 10,41,000 | 64,13,183 | | | |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2015-16 | 31-07-2016 | 26-07-2016 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് തരം |
|---|---|---|

| | | |
|---|---|---|
| | പരിശോധിച്ച തീയതി | |
| 2015-16 | 13-12-2016 | വിശേഷണങ്ങളോട്ടു കൂടിയത് |

വാർഷിക കണക്കുകളിലെ അപാകങ്ങൾ.

1)ദുരിതാശ്വാസനിധി നീക്കി ബാക്കി തുക ബി 2 ഷെഡ്യൂളിൽ 1235 രൂ. ,ബി 17 ഷെഡ്യൂളിൽ 235രൂ. ബേങ്ക് പാസ് ബുക്കിൽ 841 രൂ. എന്നിങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു.

2)അഡ്വാൻസ് റജിസ്റ്റർ അപൂർണ്ണമാണ്.

3)ഡെപ്പോസിറ്റ് റജിസ്റ്റർ എഴുതി പൂർത്തിയാക്കാത്തതിനാൽ വാർഷിക കണക്കിലെ ബി 7ഷെഡ്യൂൾ, ബി 9 ഷെഡ്യൂളുകളിലെ അഡ്വാൻസ് കലക്ഷൻ ഓഫ് റവന്യൂസ് എന്നിവയുമായി ഒത്തുനോക്കാൻ സാധിച്ചിട്ടില്ല.

4)വസ്തുനികുതി ഡിമാന്റ്, അരിയർ ഡിമാന്റ് റജിസ്റ്ററുകൾ എന്നിവ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5)ബി-18 ഷെഡ്യൂളിൽ 4,46,800 രൂപ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂർ എന്നപേരിൽ ബാധ്യതയായി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

6)ഡി &ഒ ലൈസൻസ് ഫീ ഡിമാന്റ് തുക റജിസ്റ്റർ പ്രകാരം 74,080രൂപയും വാർഷിക കണക്ക് പ്രകാരം 75,780 രൂപയുമാണ്.

7) ആസ്തി റജിസ്റ്റർ എഴുതി പൂർത്തിയാക്കാത്തതിനാൽ വാർഷിക കണക്കിലെ ബി-11 ഷെഡ്യൂളുമായി ഒത്തുനോക്കാൻ സാധിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം.

സ്ഥാപനത്തിന്റെ 2015-16വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ വിവരം

| | |
|---|---|
| മുന്നിരിപ്പ് | 1,97,67,040 |
| വരവ് | 4,86,56,615 |
| ആകെ | 6,84,23,655 |
| ചെലവ് | 6,20,10,472 |
| നീക്കിയിരിപ്പ് | 64,13,183 |

## 1-5 ഫണ്ട് വിനിയോഗം 2015-16

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2,60,749 | 1,32,21,000 | 1,34,81,749 | 1,16,96,005 | 17,85,744 | 0 |
| വികസനഫണ്ട് എസ്.സി.പി | 97,703 | 62,68,000 | 63,65,703 | 36,83,601 | 26,82,102 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 2,52,693 | 36,000 | 2,88,693 | 20,000 | 2,68,693 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 6,66,235 | 85,73,000 | 92,39,235 | 88,94,211 | 3,45,024 | 0 |
| സംരക്ഷണ ഗ്രാന്റ് -നോൺറോഡ് | 11,05,270 | 42,75000 | 53,80,270 | 32,44,534 | 21,35,736 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 11,09,821 | 59,24,819 | 70,34,640 | 58, 06,384 | 12,28,256 | 0 |
| പെർഫോമൻസ് ഗ്രാന്റ് | - | - | - | - | - | 0 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | 95,176 | 1,84,86884 | 1,85,82,060 | 1,85,81,078 | 982 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | - | 3,74,800 | 3,74,800 | 3,74,800 | | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 223 | 9,13,87,143 | 169 | 4,27,19,119 | - | 54 | 75.78 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 11.04ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം 2014-15 | തൻവർഷം 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 38,25,847 | 33,71,673 | 4,54,174 | (-11.87) |
| നികുതിയേതര വരവുകൾ | 3,24,660 | 2,65,129 | 59,531 | (-18.34) |
| മറ്റു വരവുകൾ | 1,12,771 | 1,56,007 | 43,236 | 38.34 |
| ആകെ | 42,63,278 | 37,92,809 | 4,70,469 | (-11.04) |

## 1-8 ക്ഷേമപദ്ധതികൾ

2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2015-16 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽ രഹിത വേതനം | 1,87,800 | 113 |
| കർഷകതൊഴിലാളി പെൻഷൻ | 30,43,560 | 403 |
| വിധവാപെൻഷൻ | 7,78,57,560 | 857 |
| വാർദ്ധക്യകാലപെൻഷൻ | 1,64,89,890 | 2,176 |
| വികലാംഗപെൻഷൻ | 25,61,135 | 270 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 18,000 | 6 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | റിപ്പോർട്ട് നം. തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് |
|---|---|---|---|

| | | | |
|---|---|---|---|
| | | | കൈപ്പറ്റിയ തീയ്യതി |
| പെർഫോമൻസ് ഓഡിറ്റ് | | 01-06-16 മുതൽ 30-06-16 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | എൽ ബി എ എച്ച് ക്യൂ. 18എ/1030/693<br>17-10-2006 | 1997-98മുതൽ2005-06 വരെ | 27-10-16 |

## 1-10 ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-12-2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7,563 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് -1900 രൂപ ഈടാക്കേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 7 ലെ( പട്ടിക II),ചട്ടം 18 ലെ (പട്ടികIII)എന്നിവ പ്രകാരം 2015-16വർഷത്തിൽ ലൈസൻസ് അനുവദിക്കുമ്പോഴും പുതുക്കുമ്പോഴും ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്. അപേക്ഷയിൽ രേഖപ്പെടുത്തിയ വിവരങ്ങൾക്ക് ആനുപാതികമായി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലൈസൻസ് നമ്പർ | അപേക്ഷകന്റെ പേര് | ലൈസൻസ് ആവശ്യം | ഒരു ദിവസ വിറ്റു വരവ് | ഉപയോഗിക്കുന്ന കുതിരശ | വാങ്ങിയ ഫീസ്, തീയ്യതി | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | ക്തി | | | |
| 1 | 15 | പുഷ്പാംഗ ദൻ സി പി | ഫർണിച്ചർ, കെട്ടിട നിർ മ്മാണ സാധനങ്ങൾ, മെറ്റൽ വർക്സ് | | 11 HP | 100/- 100117/ 21-04-2015 | 200 | 100 |
| 2 | 23 | ഷോളി ജോബി | ടയർ റീസോളിംഗ് | 12,000 | - | 200/- 100198/ 28-04-2015 | 300 | 100 |
| 3 | 121 | സെക്രട്ടറി, ക്ഷീരോത് പാദക സ ഹ.സം ഘം, കനക ക്കുന്ന് | പാൽ സംഭരണം, വില്പന | 18,000 | - | 300/- 101182/ 29-07-2015 | 500 | 200 |
| 4 | 360 | അനീസ് എൻ കെ | കെട്ടിട നിർമ്മാണ സാധനങ്ങൾ, പെ യിന്റ്, പ്ലംബിങ്ങ്, എന്നിവ കച്ചവടം നടത്തുന്ന തിന് | 1,10,000 (അന്വേ ഷണ ഉദ്യോ ഗസ്ഥൻ 110000 രൂപ വിറ്റുവരവു ണ്ടെന്ന് റിപ്പോർ ട്ട്ചെയ്തി ട്ടുണ്ട്) | - | 2500/- 14262/ 05-03-2016 | 4000 | 1500 |
| ആകെ | | | | | | | | 1,900 |

ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന തുക 1,900/- ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസ് അപാകങ്ങൾ

2015-16 വർഷത്തെ ഡി & ഒ ലൈസൻസ് ഫയൽ പരിശോധനയിൽ കണ്ട അപാകങ്ങൾ താഴെപ്പറയുന്നു.

1. തൊഴിൽ നികുതി രജിസ്റ്ററിലെ സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ട താഴെപ്പറയുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുത്തതായി കാണുന്നില്ല.

1.കണ്ണൂർ ജില്ലാ ഹോമിയോപ്പതിക് സൊസൈറ്റി, കരുവഞ്ചാൽ

2.ആര്യ ആയുർവ്വേദ ആശുപത്രി, കരുവഞ്ചാൽ

3.മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്

4.അർച്ചന മാര്യേജ് ബ്യൂറോ

ഇവ കൂടാതെ 1996-ലെ കേരള പഞ്ചായത്ത് രാജ് (ആൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും) ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം (3)പട്ടിക( 1)പ്രകാരം പഞ്ചായത്ത് ലൈസൻസ് അനുവദിക്കേണ്ടതും പഞ്ചായത്തിൽ പ്രവർത്തിക്കുന്നതുമായ റേഷൻ കടകൾ (6) എണ്ണം സ്വകാര്യ ഹോമിയോ ക്ലീനിക്കുകൾ (2) എണ്ണം,ഔഷധ കേന്ദ്രങ്ങൾ (2)എണ്ണം,സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ (7) എണ്ണം.ആധാരമെഴുത്ത് ഓഫീസുകൾ എന്നിവയും ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. ഡി & ഒ ലൈസൻസ് എടുക്കുന്നതിനോ പുതുക്കുന്നതിനോ ഉള്ള അപേക്ഷ ലഭിക്കുമ്പോൾ ഹെൽത്ത് ഇൻസ്പെക്ടർമാർ നിർബന്ധമായും സ്ഥല പരിശോധന നടത്തി റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. ലൈസൻസ് എടുക്കുന്നതിനോ പുതുക്കുന്ന തിനോ ലഭിച്ച ഭൂരിഭാഗം അപേക്ഷയിലും നിർദ്ദേശിച്ച രീതിയിൽ ഹെൽത്ത് ഇൻസ്പെക്ടർ നൽകുന്ന സാനിട്ടറി സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടില്ല. (ഉദാഹരണം- അപേക്ഷ ക്രമ നം. 346 മുതൽ 412വരെ).ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 11/14.12.16) അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

## 2-3 തൊഴിൽനികുതി- അപാകങ്ങൾ

1. 2015-16 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ പ്രകാരം നടുവിൽ സർവ്വീസ് സഹകരണ ബാങ്കിന് ഓഡിറ്റ് കാലയളവിൽ പഞ്ചായത്ത് പരിധിയിൽ 5 ശാഖകൾ പ്രവർത്തിച്ചിരുന്നതായി കാണുന്നു. ഇവ സ്ഥാപന തൊഴിൽനികുതി ഒടുക്കിയിട്ടില്ല. ആയത് ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

2. പഞ്ചായത്ത് പരിധിയിൽ ഓഡിറ്റ് കാലയളവിൽ പ്രവർത്തിച്ച സ്വകാര്യ സി ബി എസ് ഇ / അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ വിശദവിവരങ്ങളും ഇവിടത്തെ ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ

വിവരങ്ങളും ലഭ്യമാക്കാൻ എൻക്വയറി നൽകിയതിന് (നം. 15/ 14-12-16) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലെ ജീവനക്കാരും തൊഴിൽനികുതി ഒടുക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

3. തൊഴിൽനികുതി രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2015-16 വർഷത്തെ തൊഴിൽനികുതി ഒടുക്കിയതായി കാണുന്നില്ല.

| ക്രമ നം. | തൊഴിൽനികുതി രജിസ്റ്റർ പ്രകാരം ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഏത് അർദ്ധ വർഷത്തേതെന്ന് |
|---|---|---|---|
| 1 | 7 | എൻ ആർ എച്ച് എം ഹോമിയോ, നടുവിൽ | രണ്ടാം അർദ്ധവർഷം |
| 2 | 13 | എൻ ആർ എച്ച് എം ഹോമിയോ, പുലിക്കുരുമ്പ | രണ്ടാം അർദ്ധവർഷം |
| 3 | 37 | പോസ്റ്റ് ഓഫീസ്, പൊട്ടംപ്ലാവ് | രണ്ടാം അർദ്ധവർഷം |
| 4 | 39 | പോസ്റ്റ് ഓഫീസ്, മണ്ടളം | രണ്ടാം അർദ്ധവർഷം |
| 5 | 52 | വെള്ളാട് - പയ്യന്നൂർ ഖാദി സെന്റർ | രണ്ടാം അർദ്ധവർഷം |
| 6 | 56 | പാത്തൻപാറ സ്റ്റോൺ ക്രഷർ | രണ്ടാം അർദ്ധവർഷം |

| | | | |
|---|---|---|---|
| 7 | 60 | ക്ഷീരോത്പാദക സഹ.സംഘം, പൊട്ടംപ്ലാവ് | ഒന്ന്, രണ്ട് അർദ്ധവർഷം |
| 8 | 61 | ക്ഷീരോത്പാദക സഹ.സംഘം, വെള്ളാട് | ഒന്ന്, രണ്ട് അർദ്ധവർഷം |
| 9 | 62 | പോസ്റ്റ് ഓഫീസ്, പുലിക്കുരുമ്പ | ഒന്ന്, രണ്ട് അർദ്ധവർഷം |
| 10 | 65 | പോസ്റ്റ് ഓഫീസ്, കരുവഞ്ചാൽ | രണ്ടാം അർദ്ധവർഷം |
| 11 | 67 | ക്ഷീരോത്പാദക സഹ.സംഘം, പാത്തൻപാറ | ഒന്ന്, രണ്ട് അർദ്ധവർഷം |
| 12 | 68 | പോസ്റ്റ് ഓഫീസ്, അരങ്ങ് | രണ്ടാം അർദ്ധവർഷം |
| 13 | | പോസ്റ്റ് ഓഫീസ്, പാത്തൻപാറ | രണ്ടാം അർദ്ധവർഷം |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽനികുതി ഒടുക്കിയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

4)ഡി.ആന്റ് ഒ ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ സ്ഥാപന റജിസ്റ്ററിൽ ഉൾപ്പെടുത്തി ജീവനക്കാരിൽനിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

2015-16 വർഷത്തെ ഡി & ഒ രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളെ സ്ഥാപന രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ടി സ്ഥാപന ങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | ഉടമയുടെ പേര്, വാർഡ്/ | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് ആവശ്യം | ഫീസ് ഒടുക്കിയതിന്റെ |
|---|---|---|---|---|

| | കെട്ടിട നമ്പർ | | | വിവരം |
|---|---|---|---|---|
| 1 | കടേക്കര ആലി ക്കുഞ്ഞി മുതൽ പേർ<br>NP VI 27 | പാത്തൻപാറ ക്വാറി | കരിങ്കൽ ക്വാറി നടത്തുന്നതിന് | 500/-<br>105143,<br>27-02-15 |
| 2 | യു സഈദ് | സാജ് ക്വാറി, മാവുംചാൽ | കരിങ്കൽ ക്വാറി നടത്തുന്നതിന് | 500/-<br>100076,<br>16-04-15 |
| 3 | -ടി- | സാജ് ക്വാറി, മണ്ടളം | കരിങ്കൽ ക്വാറി നടത്തുന്നതിന് | 500/-<br>100077,<br>16-04-15 |
| 4 | പയ്യന്നൂർ ഖാദി കേന്ദ്രം, നടുവിൽ | | ഖാദി ഉല്പാദന കേന്ദ്രം | - |
| 5 | മാനേജിംഗ് ഡയ റക്ടർ, കേരള സം സ്ഥാന സഹകര ണ കൺസ്യൂമർ ഫെഡ. | ത്രിവേണി സൂപ്പർമാർക്കറ്റ് | സൂപ്പർമാർക്കറ്റ് നടത്തുന്നതിന് | 500/-<br>100341,<br>12-05-15 |
| 6 | വാഴ വീട്ടിൽ മോഹനൻ | ഉഷശ്രീ പെട്രോളിയംസ് | പെട്രോൾപമ്പ് നടത്തുന്നതിന് | 2000/-<br>100727,<br>12-06-15 |
| 7 | സോണൽ മാനേ ജർ, കേരള സം സ്ഥാന സഹക രണ കൺസ്യൂമ ർ ഫെഡ. | നന്മ സ്റ്റോർ | സ്റ്റോർ നടത്തു ന്നതിന് | 300/-<br>100789,<br>19-06-15 |

| | | | | |
|---|---|---|---|---|
| 8 | സീന കെ പി | ആദിത്യ ഗ്യാസ് ഗോഡൗൺ | ഗ്യാസ് സിലിണ്ടറുകൾ സംഭരിക്കുന്നതിനും വില്പന നടത്തുന്നതിനും | 500/-<br>101631,<br>04-09-15 |
| 9 | ഡോ.ജെഫ്രി വില്ല്യം | നടുവിൽ ഡന്റൽ ക്ലിനിക് | ഡന്റൽ ക്ലിനിക് നടത്തുന്നതിന് | 200/-<br>101703,<br>09-09-15 |
| 10 | പി സി മാത്യു | ബി.എം.ബി. ഫുഡ്സ് | ചപ്പാത്തി നിർമ്മാണം | 500/-<br>102293,<br>17-10-15 |
| 11 | സെക്രട്ടറി, ദി കേനന്നൂർ ഡിസ്ട്രിക്ട് കോ-ഓപ്പ്. റബ്ബർ & അഗ്രിക്കൾച്ചർ മാർക്കറ്റിംഗ് സൊസൈറ്റി | ദി കേനന്നൂർ ഡിസ്ട്രിക്ട് കോ-ഓപ്പ്. റബ്ബർ & അഗ്രിക്കൾച്ചർ മാർക്കറ്റിംഗ് സൊസൈറ്റി | റബ്ബർ പാൽ, നാളികേരം സംഭരണം, സംസ്കരണം, വില്പന | 100/-<br>102596,<br>24-11-2015 |
| 12 | സുബൈർ | എസ്.എസ്. ഓയിൽ & ഫ്ലോർ മിൽ | ഓയിൽ & ഫ്ലോർമിൽ | 500/-<br>103079,<br>13-01-16 |
| 13 | ഡോ.ജോസ് പി ആന്റണി | ഡോ. ജോസസ് ക്ലിനിക്ക് | അലോപ്പതി ക്ലിനിക്, ലാബ് നടത്തുന്നതിന് | 500/-<br>103119,<br>15-01-16 |
| 14 | അഗസ്റ്റ്യൻ മഞ്ഞ ളാങ്കൽ | ഉദയ വുഡ് ഇൻഡസ്ട്രീ സ് & സോമിൽ | തടിമില്ല് നടത്തുന്നതിന് | 200/-<br>103340, |

| | | | | |
|---|---|---|---|---|
| | | | | 08-02-16 |
| 15 | കെ കെ പത്മ നാഭൻ | കൃഷ്ണ വുഡ് ഇൻഡസ്ട്രീ സ് & സോമിൽ | മരമില്ല് പ്രവർത്തിപ്പി ക്കുന്നതിന് | 1000/- 103430, 15-02-16 |
| 16 | സാലി അഗ സ്റ്റ്യൻ പ്ലാത്തോ ട്ടത്തിൽ | സന്ദേശ് പ്രിന്റിംഗ് പ്രസ്സ് | പ്രിന്റിംഗ് പ്രസ്സ് നടത്തുന്നതിന് | 200/- 103537, 24-02-16 |
| 17 | അനീസ് എൻ കെ | എ റ്റു സെഡ് | കെട്ടിട നിർമ്മാണ സാധനങ്ങൾ, പെ യിന്റ്, പ്ലംബിങ്ങ്, എന്നിവ കച്ചവടം നടത്തുന്നതിന് | 2500/- 14262/15, 05-03-16 |
| 18 | -ടി- | എ റ്റു സെഡ് | ടൈൽസ്, വയറിം ഗ്,പ്ലംബിങ്ങ് സാധ നങ്ങൾ എന്നിവ സ്റ്റോക്ക്, വില്പന | 500/- 14262/20, 05-03-16 |
| 19 | കെ എം തോമസ് | ഹരിത സാ നിട്ടറി മാർട്ട് | പൈപ്പ്, ക്ലോസറ്റ് ഫിറ്റിംഗ്സ് എന്നിവ വില്പന നടത്തുന്നതിന് | 500/- 14262/32, 05-03-16 |
| 20 | ശിവരാമൻ | ശിവറാം ഓ യിൽ & ഫ്ലോർ മിൽ | ഓയിൽ & ഫ്ലോർ മിൽ നടത്തുന്നതിന് | 500/-, 103784, 18-03-16 |
| 21 | ഡോ. ജോസ് മൈക്കിൾ | പാറയിൽ ഡന്റൽ ക്ലിനിക്ക് | ഡന്റൽ ക്ലിനിക്ക് നടത്തുന്നതിന് | 100/- 103875, 23-03-16 |

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 205 ബി,സി പ്രകാരം മേൽപ്പറഞ്ഞ പട്ടികയിലെ സ്ഥാപന ഉടമകൾക്ക് അവരുടെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടില്ല എന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലുള്ള കൂടുതൽ വരുമാനമുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകുകയും ജീവനക്കാർ തൊഴിൽനികുതി ഒടുക്കുന്നുണ്ട് എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇക്കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 15/14.12.16) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-4 പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നടത്തുന്നില്ല.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രി /സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കുവാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ ഓഡിറ്റ് കാലയളവിൽ പ്രവർത്തിച്ചിരുന്ന (ഡി & ഒ രജിസ്റ്റർ പ്രകാരം) ചില സ്വകാര്യ ആശുപത്രികൾ/ ചികിത്സാ കേന്ദ്രങ്ങൾ ഇപ്രകാരം മുൻകൂട്ടിയോ പിന്നീടോ രജിസ്ട്രേഷൻ നടത്തിയതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

1. ഡോ. ജഫ്രി വില്ല്യം - വാർഡ് 16- നടുവിൽ ദന്തൽ ക്ലിനിക്ക് (ദന്തൽ ക്ലിനിക്ക് നടത്തുന്നതിന് )(ക്രമ നം.158)
2. ബാബു, – ജീവൻജ്യോതി പാരമ്പര്യ ഗൃഹ ചികിത്സാലയം(ക്രമ നം.172)
3. ഉഷാകുമാരി, പാരമ്പര്യ ചികിത്സാലയം (ക്രമ നം.233)
4. ഡോ. ആർ. സിന്ധുപ്രദീപ്, ഫീനിക്സ് ഹോമിയോപ്പതിക് സെന്റർ (ക്രമ നം.296)
5. എം രാമചന്ദ്രൻ ഗുരുക്കൾ, കടത്തനാട് കളരി ചികിത്സാലയം (ക്രമ നം.324)
6. ശിവാനന്ദ ആയുർവ്വേദ ക്ലിനിക്ക് & പഞ്ച കർമ്മ സെന്റർ
7. നിർമ്മല ഹോമിയോ ക്ലിനിക്ക്,നടുവിൽ

ഇപ്രകാരം ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്തിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നു എന്നതിന്റെ വിശദവിവരങ്ങൾ, സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാനും പുതുക്കുന്നതിനും ലഭിച്ച അപേക്ഷകൾ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരങ്ങൾ - എന്നിവ ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ട് എൻക്വയറി (നം 13/14.12.16)നൽകിയതിന് രജിസ്ട്രേഷൻ നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്വകാര്യ ആശുപത്രി /സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനങ്ങളും ചട്ടപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-5 കോഴി ഫാമുകൾ ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ചട്ടങ്ങൾ 2012 പ്രകാരം ലൈസൻസ് എടുക്കുന്നില്ല.

ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന അപേക്ഷകർ കോഴിഫാം നടത്തുന്നതിന് ലൈസൻസിന് അപേക്ഷിക്കുകയും ഗ്രാമ പഞ്ചായത്ത് ആയത് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | അപേക്ഷ നം. | അപേക്ഷകന്റെ പേര് | ലൈസൻസ് ആവശ്യം | ഒടുക്കിയ ഫീസ്, രശീതി നം., തീയ്യതി |
|---|---|---|---|---|
| 1 | 60 | പയസ് കെ ആന്റണി | കോഴി ഫാം നടത്തുന്നതിന് (ഉദയ കോഴി ഫാം) | 100/- 100558/ 29-05-15 |
| 2 | 239 | ജിമ്മിക്കുട്ടി ജേക്കബ് | കോഴി വളർത്തുന്നതിന് | 200/- 102563/ 21-11-15 |
| 3 | 277 | കെ ഡി തോമസ് | എസ്.എസ്. ബ്രോയിലർ ഫാം നടത്തുന്നതിന് | 200/- 102949/ 30-12-15 |
| 4 | 305 | സോനു തോമസ് | എസ്.കെ പൌൾട്രി ഫാം നടത്തുന്നതിന് | 200/- 103245/ 29-01-16 |

മേൽ സൂചിപ്പിച്ച കോഴി ഫാമുകൾ നടത്തുന്നതിന് ഗ്രാമ പഞ്ചായത്ത്, കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നല്കൽ ,ചട്ടങ്ങൾ) 2012 പ്രകാരമുള്ള ലൈസൻസ് അനുവദിച്ചതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കാൻ എൻക്വയറി നൽകിയതിന് (നം.14/ 14-12-16) പ്രസ്തുത ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് അനുവദിച്ചിട്ടില്ലെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുഴുവൻ സ്ഥാപനങ്ങളും ചട്ടപ്രകാരമുള്ള ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-6 വളർത്തുനായ്ക്കൾക്ക് ലൈസൻസ് എടുക്കാത്തവർക്ക് പിഴ ഈടാക്കൽ-നടപടികൾ സ്വീകരിച്ചില്ല.

2015-16 വർഷം പഞ്ചായത്തിൽ പട്ടികൾക്കും പന്നികൾക്കുമുള്ള ലൈസൻസ് ഫീ ഇനത്തിൽ ആകെ 210 രൂപ മാത്രമാണ് വരവ് ഉള്ളത് (21x10). എന്നാൽ പഞ്ചായത്തിൽ വെറ്ററിനറി സർജൻ നടപ്പാക്കിയ 22/16-പേ വിഷ നിർമ്മാർജനം പദ്ധതിയുടെ ഭാഗമായി മാർച്ച് മാസത്തിൽ പഞ്ചായത്തിലെ 316വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തി വയ്പ്പ് നടത്തിയിട്ടുണ്ട്.

1998 ലെ കെ.പി.ആർ. (പട്ടികൾക്കും പന്നികൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങൾ)ചട്ടം 4 പ്രകാരം പട്ടി, പന്നി എന്നിവ കൈവശമുള്ളവർ അവയെ വളർത്തുന്നതിനായി ലൈസൻസിന് അപേക്ഷിക്കേണ്ടതും ലൈസൻസില്ലാതെ വളർത്തുന്നവ ർക്ക് ചട്ടം 5 പ്രകാരം 250 രൂപ വരെ പഞ്ചായത്തിന് പിഴ ചുമത്താവുന്നതുമാണ്.

ഇതു സംബന്ധിച്ച് ചട്ടം 5 പ്രകാരം നടപടിയെടുക്കാത്തതിന്റെ കാരണം അറിയിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി 5/2015-2016 തീയതി : 9-12-2016 നല്കിയെങ്കിലും മറുപടി ലഭിച്ചില്ല. ലൈസൻസ് എടുക്കാതെ പട്ടി, പന്നി എന്നിവയെ വളർത്തുന്നവർക്കെതിരെ മേൽ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വാട്ടർചാർജ്-3,807 രൂപ അധികം അടവാക്കിയത്-നിരാകരിക്കുന്നു.

വൗച്ചർ നമ്പർ/തീയ്യതി/തുക- 21501207/18.3.16, 15,620/- രൂപ

ഗ്രാമ പഞ്ചായത്തിൽ ആകെ 27 പൊതു ടാപ്പുകൾക്കായി ഒരു മാസത്തിൽ അടക്കേണ്ട തുക 11,813/- രൂപയാണ്. എന്നാൽ മാർച്ച് മാസത്തിൽ 11813/- രൂപയ്ക്കു പകരം 15,620/- രൂപ അടവാക്കിയിട്ടുണ്ട്. ഇതിൽ 3,737/- രൂപ ഫെബ്രുവരിയിലെ കുടിശ്ശികയായും 70 /-രൂപ പിഴയായുമാണ് കാണിച്ചിരിക്കുന്നത്. എന്നാൽ ഫെബ്രുവരിയിലെ ബിൽ തുകയായ 11,813/- രൂപ ഫെബ്രുവരിയിയിൽ തന്നെ അടവാക്കിയിട്ടുണ്ട്. (വൗച്ചർ നമ്പർ/തീയ്യതി-21501030/17.2.16). ആയതിനാൽ മാർച്ച് മാസത്തിൽ 3,807 രൂപ (3,737+70) അധികം അടവാക്കിയതിന്റെ കാരണം അറിയിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി 18/2015-2016 തീയതി : 17-12-2016 നല്കിയതിന് കത്തിടപാടുകൾ നടത്തുന്നുണ്ടെന്നും നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

ആയത് തിരികെ ഈടാക്കുകയോ തുടർന്നുള്ള ബില്ലിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-2 വാട്ടർ ചാർജ്-പിഴ ഒടുക്കിയത്-708 രൂപ നിരാകരിക്കുന്നു.

പഞ്ചായത്തിൽ ആവശ്യത്തിന് ഫണ്ട് ഉണ്ടെന്നിരിക്കെ താഴെ പറയുന്ന മാസങ്ങളിൽ വാട്ടർ ചാർജിന് ബിൽ തുക കുടിശ്ശിക വരുത്തുക വഴി പിഴ ഒടുക്കിയതായി കണ്ടു.

| ക്രമ നമ്പർ | വൗച്ചർ/തീയ്യതി | ആകെ തുക | വാട്ടർ ചാർജ്ജ് | പിഴ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 21500140/22.5.15 | 23,862 | 23,626 (11813x2) | 236 |
| 2 | 21500800/21.12.15 | 23,862 | 23,626 (11813x2) | 236 |
| 3 | 21501030/17.2.16 | 23,862 | 23,626 (11813x2) | 236 |
| ആകെ | | | | 708 |

ആവശ്യത്തിന് ഫണ്ട് ഉണ്ടെന്നിരിക്കെ വാട്ടർ ചാർജിന് കുടിശ്ശിക വരുത്തുകയും അതു വഴി പിഴ ഒടുക്കേണ്ടി വരികയും ചെയ്തതിന് കാരണം അറിയിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി 19/2015-2016 തീയതി : 17-12-2016 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ മേൽ പറഞ്ഞ 708/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-3 പട്ടിക വർഗ്ഗ കോളനി കുടിവെള്ള പദ്ധതി പ്രവർത്തനരഹിതമായി തുടരുന്നു-കറണ്ട് ചാർജ് അടക്കുന്നതിനായി ചെലവഴിച്ച 1,280 രൂപ തടസപ്പെടുത്തുന്നു.

പഞ്ചായത്തിലെ പുല്ലം വനം കുടിവെള്ള പദ്ധതി (പട്ടിക വർഗ്ഗ കോളനി കുടിവെള്ള പദ്ധതി) പ്രവർത്തനരഹിതമായി തുടരുന്നതായി പ്രസ്തുത പദ്ധതിയുടെ കറണ്ട് ബില്ല് പരിശോധിച്ചതിൽ നിന്നും കണ്ടെത്തി.(കൺസ്യൂമർ നമ്പർ-9531) കറണ്ട് ബില്ല് പ്രകാരം 2015 ഏപ്രിലിലെ മീറ്റർ റീഡിംഗ് ആയ 1472 തന്നെയാണ് 2016 മാർച്ചിലും തുടരുന്നത്.കറണ്ട് ബില്ല് പ്രകാരം മീറ്റർ പ്രവർത്തനക്ഷമമാണ്.ഉപയോഗിക്കുന്നില്ല എന്നാണ് സ്റ്റാറ്റസ് കാണിച്ചിട്ടുള്ളത് (NU-not using).കറണ്ട് ചാർജ് അടക്കുന്നതിനായി 2015-16 വർഷം താഴെ പറയും പ്രകാരം തുക ഒടുക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തീയ്യതി | തുക |
|---|---|---|
| 1 | 21500084/29.4.15 | 111 |
| 2 | 21500209/18.6.15 | 217 |

| | | |
|---|---|---|
| 3 | 21500280/9.7.15 | 115 |
| 4 | 21500403/17.8.15 | 115 |
| 5 | 21500601/14.10.15 | 230 |
| 6 | 21500704/21.11.15 | 147 |
| 7 | 21500799/22.12.15 | 115 |
| 8 | 21501052/29.2.16 | 230 |
| | ആകെ | 1280 |

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി 21/2015-2016 തീയതി : 17-12-2016) നല്കിയെങ്കിലും മറുപടി ലഭിച്ചില്ല. പട്ടിക വർഗ്ഗ കോളനി പോലുള്ള സ്ഥലങ്ങളിലെ ജന വിഭാഗങ്ങൾക്ക് ഗുണപ്രദമായ പദ്ധതികൾ പരിപാലിക്കുന്നതിന് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും പ്രസ്തുത കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. പ്രവർത്തനരഹിതമായ കുടിവെള്ള പദ്ധതിയുടെ കറണ്ട് ചാർജ് അടക്കുന്നതിനായി 2015-16 വർഷം ചെലവഴിച്ച 1280 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-4 പ്രൊജക്റ്റ് ഇല്ലാതെ ചെലവ് നടത്തിയത് - 38,000 രൂപ തടസപ്പെടുത്തുന്നു.

വൗച്ചർ നമ്പർ/തീയ്യതി/തുക- 21500434/24.8.15, 38,000/- രൂപ

നടുവിൽ ടൌൺ ഡ്രെയ്നേജ് വൃത്തിയാക്കുന്നതിനായി മേൽ വൗച്ചർ പ്രകാരം 38,000 രൂപ തനത് ഫണ്ടിൽ നിന്നും കൃഷി ഓഫീസർ വഴി സെക്രട്ടറി,നടുവിൽ ഗ്രാമ പഞ്ചായത്ത് കാർഷിക കർമ്മ സേനയ്ക്ക് നല്കി. ഇതിനായി പദ്ധതി തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പ്രസിഡന്റുമാരുടെ കണ്ടിൻജന്റ് ചെലവ് പരിധി ഒരു തവണത്തേക്ക് 5000 രൂപയാണ്. (സ.ഉ.(എം.എസ്)നം.271/2004 ത.സ്വ.ഭ.വ.,തീ.14.9.2004). അസാധാരണ ചെലവുകൾ നടത്തുന്നതിനായി മിച്ച ഫണ്ട് കണക്കാക്കിയിട്ടില്ല.

ആയതിനാൽ മേൽചെലവ് ഏതിനത്തിൽ പെടുന്നു എന്ന് അറിയിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (20/2015-2016 തീയതി : 17-12-2016) നല്കിയെങ്കിലും അടിയന്തിര സാഹചര്യത്തിൽ ശുചീകരണത്തിനായാണ് തുക ചെലവഴിച്ചതെന്ന മറുപടിയാണ് ലഭിച്ചത്.ഇത് അംഗീകരിക്കാൻ കഴിയില്ല.

മേൽ പറഞ്ഞ കാരണങ്ങളാൽ 38,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-5 ജീപ്പ് റിപ്പയറിംഗിനായി വൻതുക ചെലവഴിച്ചു-നടപടി ക്രമങ്ങൾ പാലിച്ചില്ല

പഞ്ചായത്തിലെ വാഹനമായ കെ.എൽ.59എഫ്.5941 ബൊലേറോ ജീപ്പിന്റെ റിപ്പയറിംഗിനായി 2015-2016 വർഷത്തിൽ താഴെ പറയും പ്രകാരം 78,693 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | നമ്പർ/തീയ്യതി | തുക | വിവരണം | റിപ്പയറിംഗ് ചെയ്ത സ്ഥാപനം |
|---|---|---|---|---|
| 1 | 21500217/18.6.15 | 19,966 | സർവ്വീസ് ചാർജ് | എറാം മോട്ടേഴ്സ്, കിഴുന്ന,കണ്ണൂർ |
| 2 | 21500453/9.9.15 | 20,473 | സർവ്വീസ് ചാർജ് | എറാം മോട്ടേഴ്സ്, കിഴുന്ന,കണ്ണൂർ |
| 3 | 21500850/7.1.16 | 4,888 | റിപ്പയർ ചാർജ് | ചവനപ്പുഴ മോട്ടേഴ്സ്, കാഞ്ഞിരങ്ങാട് |
| 4 | 21500851/7.1.16 | 4,900 | ടയർ റീസോളിംഗ് | മഡോണ ടയർ റീ ട്രേഡിംഗ്,നടുവിൽ |
| 5 | 21500902/3.2.16 | 4,900 | ബേറ്ററി മാറ്റൽ | പ്രണവം ഓട്ടോ ഇലക്ട്രിക്കൽസ് |
| 6 | 21501033/24.2.16 | 23,566 | സർവ്വീസ് ചാർജ് | എറാം മോട്ടേഴ്സ്, കിഴുന്ന,കണ്ണൂർ |
| | ആകെ | 78,693 | | |

18.9.2012 ആണ് വാഹനം രജിസ്റ്റർ ചെയ്ത തീയ്യതി (26.8.12 നാണ് ഡെലിവറി). വാഹന റിപ്പയറിംഗിന് 10,000 രൂപക്കു മുകളിൽ ചെലവ് പ്രതീക്ഷിക്കുന്ന സന്ദർഭങ്ങളിൽ മതിപ്പ് ചെലവ് കസ്റ്റോഡിയൻ ഓഫീസർ/എഞ്ചിനീയർ കണക്കാക്കേണ്ടതും ഭരണ സമിതിയുടെ

അംഗീകാരത്തിനു വിധേയമായി മത്സരസ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യിക്കേണ്ടതുമാണ്. മേൽ നടപടി ക്രമങ്ങൾ പാലിച്ചില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (21/2015-2016 തീയതി:17-12-2016) നല്കിയെങ്കിലും മറുപടി ലഭിച്ചില്ല. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 കാർഷിക കർമ്മസേനയ്ക്ക് നല്കിയ മിനി ട്രാക്ടർ ഉപയോഗിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ :കൃഷി ഓഫീസർ

പ്രൊജക്ട് നമ്പർ : 13/16

പ്രൊജക്ടിന്റെ പേര് :മിനി ട്രാക്ടർ വാങ്ങൽ

അടങ്കൽ : രൂപ 5,93,000

വികസന ഫണ്ട്-രൂപ148,250

ബ്ലോക്ക് പഞ്ചായത്ത്-രൂപ 4,44,750

ചെലവ് തുക : 1,48,250/-

ബിൽ നം./ തീയതി : 2/30.3.16 1,48,250രൂ

മേൽപദ്ധതിയുടെ ഭാഗമായി 1,48,250/-രൂപ അസി.ഡയരക്ടർ, അഗ്രിക്കൾച്ചർ, തളിപ്പറമ്പിന് നല്കുകയും ബിൽ നമ്പർ 52/16-17 തീ.30.4.16 പ്രകാരം റെയ്ഡ്കോയിൽ നിന്നും മിനി ട്രാക്ടർ വാങ്ങി നടുവിൽ പഞ്ചായത്ത് കാർഷിക കർമ്മസേനയ്ക്ക് നല്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മിനി ട്രാക്ടർ ഇതുവരെയും ഉപയോഗിക്കാൻ തുടങ്ങിയിട്ടില്ല. കാരണം അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി (6/2015-2016 തീയതി : 9-12-2016) നല്കിയതിന് രജിസ്ട്രേഷൻ സംബന്ധിച്ച ചില നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതിനാൽ (രജിസ്ട്രേഷൻ കൃഷി ഓഫീസറുടെ പേരിൽ വ്യക്തിപരമായാണ് ചെയ്തത്. ഇത് ഔദ്യോഗികമായി മാറ്റുന്നതിന് വേണ്ടി അപേക്ഷിച്ചതിനാൽ) ഇതുവരെയും മിനി ട്രാക്ടർ ഉപയോഗിച്ചിട്ടില്ലെന്ന മറുപടിയാണ് ലഭിച്ചത്. 2016 ഏപ്രിലിൽ ലഭിച്ച മിനി ട്രാക്ടർ എത്രയും പെട്ടെന്ന് ഉപയോഗിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-7 വിവാഹ ധനസഹായം -പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങിയിട്ടില്ല.700000/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി. സെക്രട്ടറി

പ്രൊജക്ട് നമ്പർ : 20/16

പ്രൊജക്ടിന്റെ പേര് : വിവാഹ ധനസഹായം (എസ്.ടി.)

അടങ്കൽ : 7,00,000(വികസന ഫണ്ട്)

ബിൽ നം./ തീയതി : 1/31.12.15 6,00,000രൂ

ബിൽ നം./ തീയതി : 2/23.3.16 1,00,000രൂ

പദ്ധതിയുടെ ഭാഗമായി മേൽതുകയിൽ നിന്നും 14 എസ്.ടി.ഗുണഭോക്താക്കൾക്ക് 50,000 രൂപ വീതം നല്കി. എന്നാൽ പ്രസ്തുത ഗുണഭോക്താക്കൾക്ക് പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും ധനസഹായം നൽകിയിട്ടില്ലെന്ന വകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. കാരണം അറിയിക്കുന്നതിനുള്ള ഓഡിറ്റ് എൻക്വയറിക്ക് (7/2015-2016 തീയതി : 9-12-2016) ലഭ്യമാക്കിയ മറുപടിയിൽ ഈ കാര്യം ഉറപ്പ് വരുത്തിയതായി നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. എന്നാൽ നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങാതെ ഉറപ്പുവരുത്തി എന്ന മറുപടി അംഗീകരിക്കാൻ കഴിയില്ല. നിരാക്ഷേപ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവു തുകയായ 7,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 ഹെഡ് മാസ്റ്ററുടെ പദ്ധതി നിർവ്വഹണം -സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ്. ടി വിദ്യർഥികൾക്ക് പഠന കിറ്റ്, (പ്രോജക്ട് നം 25/16), എസ് ടി വിദ്യർഥികൾക്ക് പഠനമേശയും കസേരയും,(പ്രോജക്ട് നം 26/16) എന്നീ പ്രൊജക്ടുകൾ പ്രകാരം പഞ്ചായത്തിലെ സർക്കാർ സ്കൂളുകളിലെ 400 കുട്ടികൾക്ക് പഠനകിറ്റ്, 100 കുട്ടികൾക്ക് പഠനമേശ, കസേര എന്നിവ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് റജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭിച്ചില്ല. സ്റ്റോക്ക് രജിസ്റ്റർ നിർബന്ധമായി എഴുതി സൂക്ഷിക്കേണ്ടതും ഓഡിറ്റ് വേളയിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-9 വാഹന വാടക അർഹതപ്പെട്ടതിൽ കൂടുതൽ അനുവദിച്ചത് -ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (PHC)

പ്രോജക്ട് നമ്പർ : S00 37/16

പേര് : ദേശീയ ആരോഗ്യപരിപാടികൾക്ക് പിന്തുണ

അടങ്കൽ : 50,000 രൂ. (തനത് ഫണ്ട്)

മേൽ പ്രൊജക്ട് നടപ്പിലാക്കുന്നതിനു വേണ്ടി തനത് ഫണ്ടിൽ നിന്നും 49,515രൂപ അനുവദിച്ചിട്ടുണ്ട്. 17-01-16, 21-02-16 തീയ്യതികളിൽ ഗ്രാമ പഞ്ചായത്തിൻെറ വിവിധ ബൂത്തുകളിൽ വെച്ച് പോളിയോ നിർമ്മാർജ്ജന പരിപാടി നടത്തുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഇതിൽ 17,500 രൂപ വാഹന വാടകയായി ജീപ്പ് ഡ്രൈവർക്ക് അനുവദിച്ചിട്ടുണ്ട്. ജി ഒ (പി) 74/14/ഗതാഗതം, തീയ്യതി 17-10-14 പ്രകാരം ജീപ്പിന് മിനിമം ചാർജ്ജ് കിലോ മീറ്ററിന് 15 രൂപയും വെയ്റ്റിംഗ് ചാർജ്ജ് മണിക്കൂറിന് 50 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി താഴെപ്പറയും പ്രകാരം വാഹനവാടകയിനത്തിൽ കൂടുതൽ തുക അനുവദിച്ചതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

| വൗച്ചർ നമ്പർ/ തീയ്യതി | ട്രിപ്പ് ഷീറ്റ് പ്രകാരം ഓടിയ ദൂരം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | കൂടുതൽ അനുവദിച്ച തുക |
|---|---|---|---|---|
| 8/16,16-01-16 | 120കി .മീ. | 3000 | 1800 | 1200 |
| 10/16, 17-01-16 | 120കി.മീ. | 3000 | 1800 | 1200 |
| 11/16, 18-01-16 | 110 | 2500 | 1650 | 850 |
| 3/16, 20-02-16 | 130 | 3500 | 1950 | 1550 |
| 9/16, 21-02-16 | 130 | 3000 | 1950 | 1050 |
| 11/16, 22-02-16 | 120 | 2500 | 1800 | 700 |
| ആകെ | | | | 6,550 |

വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണ (8/2015-16 തീയതി 13-12-2016)ത്തിന് മറുപടിയായി ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കൊണ്ടും നിശ്ചിത കിലോമീറ്റർ നിരക്കിൽ വാഹനം ലഭ്യമല്ലാത്തതിനാലുമാണ് കൂടുതൽ തുക അനുവദിച്ചതെന്ന് അറിയിച്ചു. എന്നാൽ സർക്കാർ ഉത്തരവ് പാലിക്കാതെ അധിക തുക അനുവദിക്കുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-10 മരാമത്ത് പ്രവൃത്തികൾ -ഗുണഭോക്തൃ സമിതി മുഖാന്തിരം നടത്തിയ

## പ്രവൃത്തികളിലെ അപാകങ്ങൾ ഗുണഭോക്തൃ സമിതി മുഖാന്തിരം നടത്തിയ പ്രവൃത്തികളിലെ അപാകതകൾ ഗുണഭോക്തൃ സമിതി മുഖാന്തിരം നടത്തിയ പ്രവൃത്തികളിലെ അപാകതകൾ

നിർവ്വഹണം അസി.എഞ്ചിനിയർ

2015-16 വർഷം മരാമത്ത് പ്രവൃത്തികൾ മുഴവനം നടപ്പാക്കിയത് ഗുണഭോക്തൃകമ്മറ്റി മുഖാന്തിരമാണ്.ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1)1999ൽ സംസ്ഥാന ആസൂത്രണ ബോർഡ് പുറപ്പെടുവിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖ പ്രകാരം പ്രവൃത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും നടത്തുന്നതിന് ഗുണഭോക്തൃകമ്മറ്റി ചെയർമാൻെറയും കൺവീനറുടെയും പേരിൽ സംയുക്ത അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. എന്നാൽ ഹാജരാക്കിയ ഫയലുകൾക്കൊപ്പം പാസ് ബുക്ക് ഉൾപെടുത്തിയിട്ടില്ല.

2)നിർമ്മാണ സാമഗ്രികൾ വാങ്ങിയതിൻെറ തീയ്യതി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

3)ടി കെ നാരായണൻ സ്മാരക ഹാളിൻെറ വിപുലീകരണം എന്ന പ്രവൃത്തിക്ക് ആകെ ചെലവായ തുകയായി മിനിട്സ് ബുക്കിൽ കാണിച്ചത് 7,34,368രൂപ, വൗച്ചറുകൾ കൂട്ടിയാൽ ലഭിക്കുന്നത് 9,61,168/- രൂപ. ഇതു സംബന്ധിച്ച് അസി.എഞ്ചിനീയർ നൽകിയ മറുപടി മിനിട്സ് ബുക്കിൽ 9,61,168/- പകരം 7,34,368/- രൂപ എന്ന് എഴുതിയത് അബദ്ധവശാൽ വന്ന ഒരു തെറ്റാണെന്നാണ്. ഫൈനൽ ബിൽ നൽകുമ്പോൾ ഗുണഭോക്തൃ സമിതി പാസ്സാക്കിയ കണക്ക് പരിശോധിക്കുന്നില്ല എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. ഇത്തരം അപാകങ്ങൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-11 റോഡ് ടാറിംഗ്-കൺവീനർക്ക് അഡ്വാൻസ് അനുവദിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിച്ചില്ല- 50,000രൂപ തടസപ്പെട്ടുത്തുന്നു.

പ്രവർത്തിയുടെ പേര് : മാമ്പള്ളം റോഡ് ടാറിംഗ്,

പ്രൊജക്ട് നമ്പർ : 94/15-16

നിർവ്വഹണം : അസി.എഞ്ചിനിയർ

മേൽ പ്രവൃത്തി നടത്തുന്നതിന് മൊബിലൈസേഷൻ അഡ്വാൻസായി 50,000 രൂപ ഡി.ഡി നമ്പർ 328108, തീയ്യതി. 02-02-2016 പ്രകാരം ഗുണഭോക്തൃ സമിതി കൺവീനർ ശ്രീ. തോമസ് കാക്കിയാനിക്ക് നൽകിയിട്ടുണ്ട്. എന്നാൽ 2016-17 വർഷം സ്പിൽ ഓവർ പ്രൊജക്ട് ആയി ഉൾപ്പെടുത്തിയ പ്രവൃത്തി നാളിതുവരെയായി ആരംഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/15-12-2016) ലഭ്യമാക്കിയ മറുപടി പ്രവൃത്തിയുടെ ചെയിനേജ് മാറ്റുന്നതിനായി ബന്ധപ്പെട്ട് പ്രശ്നം നിലനിൽക്കുന്നതിനാലാണ് പ്രവൃത്തി നടത്താൻ സാധിക്കാത്തതെന്നും, പ്രശ്നം തീരുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുമെന്നുമാണ്. എന്നാൽ സ്പിൽ ഓവർ പ്രോജക്ട് പ്രകാരം ചെയിനേജിൽ മാറ്റം വരുത്തിയിട്ടില്ല. അഡ്വാൻസ് തുക കൈപ്പറ്റി പത്ത് മാസം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാത്ത സാഹചര്യത്തിൽ അഡ്വാൻസ് തുക പലിശ സഹിതം തിരിച്ചടക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി 44,09,000രൂപ ഗുണഭോക്തൃ സമിതികൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ 31-03-2016 ന് 1,35,000 രൂപ ക്രമീകരിക്കുവാൻ ബാക്കിയുണ്ട്. അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതാണ്.

### 4-4 വായ്പ/ വായ്പ തിരിച്ചടവ്-

2015-16വർഷം വായ്പയിനത്തിൽ തിരിച്ചടച്ച തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നമ്പർ, തീയ്യതി | വായ്പ തുക (തൻവർഷം) | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണം | സ.ഉ.(സാധാ) 1005/10 തീയ്യതി. 24-03-2010 | ഇല്ല | 81,55,650 | 17,75,000 | - | 63,80,650 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ 2015-16 ൽ ലഭിച്ച 7,000 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്, വിവരം | രശീത് നമ്പർ, തീയ്യതി |
|---|---|---|---|---|---|
| 1 | 2008-09 | 2-6(6) | 2,800 | കെ.വേണുഗോപാലൻ, സെക്രട്ടറി | 11501100142/22.4.15 |
| 2 | 2008-09 | 2-6(8) | 1,050 | “ | 11501100151/23.04.15 |
| 3 | 2008-09 | 2-7 | 750 | അഭിഷേക് മൂവീസ് കരുവൻചാൽ | 11501102757/09.12.15 |
| 4 | 2008-09 | 2-6 | 400 | ഇ.ജി ജോസഫ് | 1150112765/09.12.15 |
| 5 | 2008-09 | 2-6 | 200 | അഗസ്റ്റിൻ | 11501102822/16.12.15 |
| 6 | 2008-09 | 2-6(7) | 1,800 | മോഹനൻ | 11501102888/22.12.15 |
| | ആകെ | | 7,000 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം 2015-16

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്* | 4,86,56,615രൂ. |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്* | 6,20,10,472രൂ. |
| വരവിനങ്ങളിലുള്ള നഷ്ടം | 1,900 രൂപ |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4,515രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,89,280 രൂപ |

Receipt & Payment Statement പ്രകാരം

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 1,900 | - | എം.പി.ഷാനവാസ്, സെക്രട്ടറി -200<br>ബിനു വർഗീസ് സെക്രട്ടറിയുടെ അധിക ചുമതല -200,<br>ടി.പി. സഹദേവൻ സെക്രട്ടറി -1500 |
| 3-1 | 3,807 | | ടി.പി. സഹദേവൻ സെക്രട്ടറി |
| 3-2 | | 708 | എം.പി.ഷാനവാസ്, സെക്രട്ടറി -236<br>ടി.പി. സഹദേവൻ സെക്രട്ടറി -472 |
| ആകെ | | 4,515 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ |
|---|---|---|

| | | ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 1,280 | ശ്രീ. എം .പി.ഷാനവാസ്,സെക്രട്ടറി(111 രൂപ)<br>ശ്രീ.ബിന വർഗ്ഗീസ്,അസി.സെക്രട്ടറി(332രൂപ)(സെക്രട്ടറിയുടെ അധിക ചുമതല)<br>ശ്രീ.ടി.പി. സഹദേവൻ,സെക്രട്ടറി (837 രൂപ) |
| 3-4 | 38,000 | ശ്രീ.ടി.പി. സഹദേവൻ,സെക്രട്ടറി |
| 3-7 | 7,00,000 | ശ്രീ.എം.ബി.ശ്രീനിവാസൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 | 50,000 | ശ്രീമതി.യു. ശ്രീജ,അസി. എഞ്ചിനീയർ |
| ആകെ | 7,89,280 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ

| പേര്,ഉദ്യോഗപ്പേര് | ഇപ്പോഴത്തെ ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം പി ഷാനവാസ്, സെക്രട്ടറി | സെക്രട്ടറി, കുറുമാത്തൂർ ഗ്രാമ പഞ്ചായത്ത് | അൽഫാരിസ്,<br>സർ സയ്യിദ് കോളേജിന് സമീപം, കരിമ്പം പി ഒ,<br>തളിപ്പറമ്പ്. |
| ബിന വർഗീസ്, സെക്രട്ടറി | ജൂനിയർ സൂപ്രണ്ട്, | പുളിപ്പറമ്പ്, പട്ടുവം പി ഒ |

| | | |
|---|---|---|
| ഇൻ ചാർജ് | മാടായി ഗ്രാമപഞ്ചായത്ത് | |
| ടി പി സഹദേവൻ, സെക്രട്ടറി | സെക്രട്ടറി, നടുവിൽ ഗ്രാമ പഞ്ചായത്ത് | അരുണിമ, കാവുമ്പായി, കൂട്ടുമുഖം പി ഒ, 670631. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1975-76 | എൽ.എഫ്/സി 10/343/92/04.03.92 |
| 1976-77 | എൽ.എഫ്/സി 10/344/92/04.03.92 |
| 1977-78 | എൽ.എഫ്/സി 10/345/92/04.03.92 |
| 1978-79 | എൽ.എഫ്/സി 10/346/92/04.03.92 |
| 1983-84 | എൽ.എഫ്/സി 10/351/92/04.03.92 |
| 1984-85 | എൽ.എഫ്/സി,8/812/90/20-10-92 |
| 1985-86 | എൽ.എഫ്/സി. 10/315/92/03-02-92 |
| 1986-87 | എൽ.എഫ്/സി. 6/414/92/13-05-92 |
| 1987-88,88-89 | എൽ.എഫ്/സി. 10/1149/95/06-03-96 |
| 1989-90,90-91 | എൽ.എഫ്/സി .10/1184/96/05-06-97 |
| 1991-92,92-93,93-94 | എൽ.എഫ്/സി. 6/1138/96/15-12-97 |
| 1998-99 | എൽ.എഫ്/സി. 16/517/02/19-09-02 |
| 1999-00 | എൽ.എഫ്/സി10/1328/04/24-02-05/08-06-05 |
| 2000-01 | എൽ.എഫ്/സി.13/1573/03/23-02-04/05-07-04 |

| | |
|---|---|
| 2005-06 | എൽ എഫ് കെ .എൻ ആർ/ഡി 1/142/08/17.02-09 |
| 2006-07 | എൽ എഫ് കെ .എൻ ആർ/സി1/1182/09/23-06-10 |
| 2007-08 | എൽ എഫ് കെ .എൻ ആർ/സി1/1183/09/23-06-10 |
| 2008-09,09-10,10-11 | എൽ എഫ് കെ .എൻ ആർ/സി6/1184/12/05-11-12 |
| 2011-12,12-13 | എൽ എഫ് കെ .എൻ ആർ /സി/6/1033/14 തീയ്യതി.02-04-16. |
| 2013-14,14-15 | എൽ എഫ് കെ .എൻ ആർ/.സി.6/1280/2016തീയ്യതി. 25-07-16 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ .എസ്.എ/കെ.എൻ.ആർ/സി13-2186/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യലയം, കണ്ണൂർ

ഫോൺ : 0497-2707698

ഇ-മെയിൽ : lfaddistofficeknr@gmail.com

തീയ്യതി : 06-02-2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ധേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ നടുവിൽ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടികാട്ടിയ പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നടുവിൽ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## AUDIT CERTIFICATE

No.KSA/KNR-C3/2186/2016

Kerala State Audit

District Audit Office, Kannur

Phone-04972-707698

E-Mail.lfaddistofficeknr@gmail.com

Date : 06-02-2017

Certified that I have audited the Annual Financial Statement of Naduvil Grama panchayat in Kannur District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Naduvil Grama panchayat for the year 2015-16 except the observations in my Audit report properly presents the picture of income and expenditure.

Deputy Director,

District Audit Office, Kannur.